ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആവഡ- ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.ബിനോയ്.വി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No. 878/2026-ന്മേലുള്ള 03/7/2026-ലെ ഉത്തരവ്-അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഒ.എ (ഇ.കെ.എം) നം .878/2026 നം.കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03/7/2026 തീയതിയിലെ ഉത്തരവ്

2. 02/7/2026 തീയതിയിലെ ഡോ .ബിനോയ് .വി സമർപ്പിച്ച Annexure A6 അപേക്ഷ

ഉത്തരവ് നം: ഇ.ബി4- 15252/2024/ആ.വ.ഡ തീയതി: 26-07-2026

ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിലെ 2026 പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് വടകര ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടൻറ് (പീഡിയാട്രിക്സ്) ആയ ഡോ.ബിനോയ്.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണിൽ OA (EKM) 878/2026 നമ്പർ കേസ് ഫയൽ ചെയ്തിരിക്കുന്നു. പ്രസ്തുത കേസിന്മേലുള്ള 03/7/2026 തീയതിയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച Annexure A6 അപേക്ഷയിൻമേൽ ഉചിതമായ ഉത്തരവ്

പുറപ്പെടുവിക്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

ഡോ.ബിനോയ്.വി **Annexure A6** ആയി സമർപ്പിച്ച നിവേദനം വിശദമായി പരിശോധിച്ചു .

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ആയ ഡോ. ബിനോയ്.വി **30/05/2022** മുതൽ നിലവിലെ സ്റ്റേഷൻ ആയ ജില്ലാ ആശുപത്രി വടകരയിൽ ജോലി ചെയ്ത് വരുന്നു. അപേക്ഷകൻ ജൂനിയർ കൺസൽട്ടൻറ് (പീഡിയാട്രിക്സ്) തസ്തികയിലെ **2026**-ലെ പൊതുസ്ഥലംമാറ്റത്തിൽ താഴെപ്പറയുന്ന ഓപ്ഷനുകൾ നൽകിയിരുന്നു.

1.<u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി,കോഴിക്കോട് -</u> കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ആയ ഡോ.പി.പദ്മകുമാർ **17/05/2022** മുതൽ ടി സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ചു വരുന്നു.ടിയാളുടെ വിരമിക്കൽ തീയതി **31.12.2027** ആണ് .ആയതിനാൽ **2026** ലെ പൊതുസ്ഥലംമാറ്റത്തിൽ പ്രസ്തുത ഓപ്ഷൻ പരിഗണിക്കാൻ നിർവാഹമില്ല.

2.<u>ജനറൽ ആശുപത്രി ,കോഴിക്കോട് -</u> കോഴിക്കോട് ജനറൽ ആശുപത്രിയിൽ ഡോ.സുചരിത.എം.എം **16/06/2025** മുതൽ ആണ് പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നത്. ഡോ.സുചരിത.എം.എം ന്റെ വിരമിക്കൽ തീയതി **30/09/2026** ആണ്. ആയതിനാൽ **2026**-ലെ പൊതുസ്ഥലംമാറ്റത്തിൽ പ്രസ്തുത ഓപ്ഷൻ പരിഗണിക്കാൻ നിർവാഹമില്ല.

3.<u>ജില്ലാ ആശുപത്രി, തിരൂർ</u> - ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.രമ്യ രവീന്ദ്രൻ, ഡോ.രഞ്ജിത്ത്.പി എന്നിവർ യഥാക്രമം **09/12/2024, 27/08/2024** എന്നീ തീയതി മുതലാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്. ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

4. ജനറൽ ആശുപത്രി ,തലശ്ശേരി - ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ശ്രീജിത്ത്.കെ 27/06/2023 മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്. ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

5.ജില്ലാ ആശുപത്രി,കണ്ണൂർ - 23/05/2022 മുതൽ അരീക്കോട് താലൂക്കാശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.കൃഷ്ണ മോഹനെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് സ്ഥലംമാറ്റം നൽകി.

6. താലൂക്കാസ്ഥാന ആശുപത്രി, ഫറോക് - ടി സ്ഥാപനത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ഹബീബ്.എ 25/08/2024 മുതലാണ് ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് വരുന്നത്. ആയതിനാൽ ടി സ്ഥാപനത്തിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല.

മേൽ സാഹചര്യത്തിൽ ഡോ.ബിനോയ്.വി സമർപ്പിച്ച ഓപ്ഷനുകളിലേക്ക് സ്ഥലമാറ്റം പരിഗണിക്കുവാൻ നിർവാഹമില്ല. എന്നാൽ അപേക്ഷകൻ സേവനമനുഷ്ഠിച്ചിരുന്ന വടകര ജില്ലാ ആശുപത്രിയിലേക്ക് കോഴിക്കോട് ഹോംസ്റ്റേഷൻ ആയിട്ടുള്ള കണ്ണൂർ ജില്ലാ ആശുപത്രിയിൽ 01/6/2022 മുതൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ.ബിന്ദു . പി.ടി യെ പരിഗണിച്ചതിനാൽ ഡോ.ബിനോയ്.വി യെ ഒഴിവ് നിലവിൽ ഉണ്ടായിരുന്ന പഴയങ്ങാടി താലൂക്കാശുപത്രിയിൽ സ്ഥലമാറ്റം നൽകിയിരുന്നു.

ഡോ.ബിനോയ്.വി-യ്ക്ക് എസ്.സി പ്രൊട്ടക്ഷൻ ഉള്ളതിനാൽ വടകര ജില്ലാ ആശുപത്രിയിൽ തന്നെ നിലനിർത്തണമെന്ന് അപ്പീൽ സമർപ്പിച്ചിരുന്നു എന്ന് നിവേദനത്തിൽ പരാമർശിച്ചിരിക്കുന്നു. എന്നാൽ ടിയാൾ 13/10/2013 മുതൽ 23/05/2022 വരെ തിരൂർ ജില്ലാ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അപ്രകാരം അപേക്ഷകൻ എസ്.സി പ്രൊട്ടക്ഷൻ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഡോ.ബിനോയ്.വി-യെ not opted place ൽ പരിഗണിച്ചതിനാൽ 2026 പൊതുസ്ഥലംമാറ്റത്തിൽ ടിയാൾ സമർപ്പിച്ചിരുന്ന ഓപ്ഷനുകൾ ക്യൂ ലിസ്റ്റ് പ്രകാരം പരിഗണിക്കുന്നതായിരിക്കും.

മേൽ സാഹര്യത്തിൽ ഡോ .ബിനോയ് .വി സമർപ്പിച്ച **Annexure A6** ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ (ഇ.കെ.എം) **878/2026** നമ്പർ കേസിന്മേലുള്ള പരാമർശം (1) വിധിന്യായം ഇപ്രകാരം അനുപാലനം ചെയ്ത് കൊള്ളുന്നു .

Digitally signed by
Meenakshy V
Date: 26-07-2026
16:26:18

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ഡോ .ബിനോയ്.വി,ജൂനിയർ കൺസൽട്ടൻറ്
(പീഡിയാട്രിക്സ്)

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), കോഴിക്കോട്